# ഭാവരൂപസമന്വയം ഇടശ്ശേരിക്കവിതയിൽ

ഡോ. എം. കൃഷ്ണൻ നമ്പൂതിരി

കവിതയുടെ രൂപത്തിലും ഭാവത്തിലും ഒരുപോലെ ഗ്രാമീണത്തനിമ പുലർത്തുന്നതിൽ ശ്രദ്ധകാട്ടിയ കവിയാണ് ഇടശ്ശേരി. ഇടശ്ശേരി എന്ന ഗ്രാമീണൻ തന്റെ ഗ്രാമത്തിന്റെ പരിമിതമായ അതിർത്തിക്കുള്ളിൽ ഇഴുകി ജീവിച്ചപ്പോൾ ആ ഗ്രാമീണ ശൈലിയെ കാവ്യവൽക്കരിക്കാൻ ശ്രമിച്ചു. മലയാള കവിതയിൽ ഇടശ്ശേരികൊണ്ടുവന്ന പുതുമയും ഈ ഗ്രാമീണത്തനിമതന്നെ. പകിട്ടും പളപളപ്പും പൊള്ളത്തരവുമില്ലാത്ത കാവ്യഭാഷയാണ് ഇടശ്ശേരിയുടേതെന്ന് പ്രൊഫ. എൻ. കൃഷ്ണപിള്ള നിരീക്ഷിച്ചിട്ടുണ്ട്. ഭാഷ കൃത്രിമമാക്കാതെ, അതിന്റെ സ്വാഭാവിക ഭംഗികളിൽ കവിതയുണ്ടാക്കുന്നു ഇടശ്ശേരി. വള്ളുവനാട്ടിലെ ദേശ്യഭേദങ്ങളും നാടൻപാട്ടുകഥകളുടെ രൂപവും നാടൻ താളങ്ങളും ആ കവിതകളിൽ നാം അറിയുന്നു. പൂതത്തിന്റെ കഥ പറയുമ്പോഴും കാവിലെ പാട്ടിന്റെ താളവും ലയവും രൗദ്രഭാവവും ആവിഷ്കരിക്കുമ്പോഴും കർഷകന്റെ സ്വപ്നവും സന്താപവും ആഖ്യാനം ചെയ്യുമ്പോഴും നാടൻഭാഷയുടെ ഊർജവിശേഷം ഇടശ്ശേരി വേണ്ടവിധം ഉപയോഗിക്കുന്നു.

ഇടശ്ശേരിക്കവിതകളിൽ നല്ലൊരു ശതമാനം ആഖ്യാനാത്മകങ്ങളാണ്. ഖണ്ഡങ്ങൾ തിരിച്ച് നാടകീയതയും പിരിമുറക്കവും ധ്വനിമര്യാദയും ദീക്ഷിച്ചുകൊണ്ട് ഭദ്രമായ ശിൽപ്പഘടനയിൽ ആ കവിതകൾ വാർന്നു വീഴുന്നു. കവിതയിൽ തിരുത്തലുകൾക്കും പരിഷ്കാരങ്ങൾക്കും ഏറെ പ്രാധാന്യം കൽപ്പിച്ചിട്ടുണ്ട് ഇടശ്ശേരി. പണിക്കുറ തീർന്ന ശിൽപ്പങ്ങളുണ്ടാകുന്നതെങ്ങനെയാണ്. നാട്ടുമ്പുറത്തെ കരുവാന്റെ ആലയോടാണ് ഇടശ്ശേരി തന്റെ കാവ്യനിർമാണക്രിയയെ സാദൃശ്യപ്പെടുത്തിയിട്ടുള്ളത് (സാദൃശ്യകൽപ്പനയിലെ നാട്ടുമ്പുറ സംസ്കാരം ശ്രദ്ധേയം). 'ഇടശ്ശേരിക്കരുവാ'ന്റെ ആലയിൽനിന്നു പുറത്തുവന്ന 'പുത്തൻകലവും അരിവാളും' അതിന്റെ തീർച്ചയും മൂർച്ചയും തെളിച്ചു കാട്ടുന്നതെങ്ങനെ എന്നു പരിശോധിക്കുകയാണിവിടെ. അതുവഴി ഭാവരൂപസമന്വയം ഇടശ്ശേരിക്കവിതയിൽ സാധ്യമാകുന്നതിന്റെ സൗന്ദര്യവും മനസ്സിലാക്കാം.

ഗ്രാമീണജീവിതത്തെ അതിന്റെ ദാരിദ്ര്യവും സ്വപ്നവും ഇടകലർത്തി ആവിഷ്കരിക്കുന്ന കവിത എന്ന നിലയിൽ 'പുത്തൻകലവും അരിവാളും' ശ്രദ്ധേയമാണ്. കാർഷികസംസ്കാരത്തിന്റെ ഭാവരൂപഘടകങ്ങൾ സംപൃക്തതയിൽ വർത്തിക്കുന്നതിനാൽ ഒരു പടപ്പാട്ടിന്റെ അതിവൈകാരികതയിലേക്കു വഴുതി വീഴാതെ കവിതയുടെ ധ്വനിമര്യാദയിൽ ഈ കവിത വേരുപിടിപ്പിച്ചു.

**ഭാവതലം**

വിത്തു വിതയ്ക്കുന്നതിൽ തുടങ്ങി വിളകൊയ്യുന്നതുവരെയുള്ള 'ഒരുപ്പൂകൃഷിക്കാല'മാണ് കവിതയിലുള്ളത്. ഏഴു ഖണ്ഡങ്ങൾ തിരിച്ച് ആഖ്യാനം ഘടന ചെയ്തിരിക്കുന്നു. മകരക്കൊയ്ത്തു കഴിഞ്ഞ്, കുംഭം-മീനം മാസങ്ങളിലെ വേനലും കഴിഞ്ഞ്, മേടത്തിലാണ് കൃഷിയിറക്കുക. എന്നാൽ കോമൻ അതിനും മുന്നെ മീനക്കൊടുംവെയിലിൽത്തന്നെ പണിയെടുക്കുന്നുണ്ട്. മീനച്ചൂടിൽ ഉറച്ചുകിടക്കുന്ന നിലം പാൽത്തരിപോലെ ഇളക്കിക്കലക്കി വിത്തുവിതയ്ക്കാൻ പാകമാക്കുന്നതാണ് ആ അധ്വാനം. മുന്തിയ വിത്തായ 'ആരിയൻ' വിതച്ച് അതിനു മുളപൊട്ടുന്നതും നാമ്പുകീറുന്നതും തലയെടുക്കുന്നതും നോക്കി രാപ്പകൽ വിശ്രമമില്ലാതെ കോമൻ പാടത്തു തന്നെ കഴിയുന്നു. ഇടവപ്പാതിയിൽ വെള്ളം കുടിച്ചു വളർന്ന നെൽച്ചെടിക്കൊപ്പം കളയും വളർന്നു വന്നത് കോമനെ ക്ലേശിപ്പിച്ചു.

വിത്തിനു വച്ചതും കൊററിനു വച്ചതും വിററ് കളയെടുപ്പു നടത്തിയിട്ടും കള നീങ്ങിയില്ല. നിലം ഉഴുന്ന കാളകളിൽ ഒന്നിനെ വിൽക്കേണ്ടിയും വന്നു. ചെക്കനു ഫീസു കൊടുക്കാതെ, ദിവസച്ചിട്ടിക്കു പണം നൽകാതെ, സമ്പാദ്യമെല്ലാം ചെലവുചെയ്ത് കോമൻ നെല്ലു വളർത്തി. പനിപിടിച്ച കുട്ടിക്ക് അരിയാറ് വച്ചുകൊടുക്കുന്നതിൽപോലും കോമനു ശ്രദ്ധ പതിഞ്ഞില്ല. കാലപ്പിഴയുടെ കൊടുംകൂത്താട്ടങ്ങൾക്കിടയിൽ നിൽക്കുമ്പോഴും ആരിയൻ വിളവിന്റെ സ്വപ്നങ്ങളായിരുന്നു കോമനു കരുത്ത്.

പാടത്തെ വരമ്പിൽ കോമരം പോലെ തുള്ളിയോടി കൃഷിനോക്കി നടത്തിയ കോമന് കതിർക്കുലയുടെ വരവ് ഉത്സവതുല്യമായിരുന്നു. കതിരിന്റെ സമൃദ്ധിയിൽ കോരിത്തരിച്ച മാറോടെ കോമൻ നിന്നു. പുത്തരികുത്തി പുത്തൻകലത്തിൽ കഞ്ഞി വയ്ക്കുന്ന ദിവസം കോമന്റെ കുടിലിലെ എല്ലാവരുടെയും സ്വപ്നത്തിലുണ്ട്. അധ്വാനം സഫലമായപ്പോൾ മാത്രമാണ് കോമൻ തന്റെ സ്നേഹവും ശ്രദ്ധയും കുടിലിലുള്ളവർക്കു നൽകുന്നത്. കതിർക്കുല ചുകന്നു പാകമായ സന്തോഷത്തിൽ കൊച്ചുമക്കളെ എടുത്തു കൊഞ്ചിച്ചുകൊണ്ട് കോമൻ പറയുന്നത്.

'പൂ,ത്തുകേണ്ടൊരു പൊന്നോണത്തിനു
പുത്തനുടുപ്പെൻ കുറിഞ്ഞിക്ക്'

എന്നാണ്. മൂത്ത മകളുടെ മുഖത്ത് പരിഭവം പടരുന്നുവോ എന്നു തോന്നിയപ്പോൾ അവൾക്ക് ഈ വിളവെടുപ്പിൽ പൂത്താലി വാങ്ങുന്നുണ്ട് എന്ന് ആ പിതാവു പറയുന്നുണ്ട്. പൂത്താലി കല്യാണത്തെയാണല്ലോ കുറിക്കുന്നത്. കുപ്പിവളക്കാരിയുടെ നാണം കവി അദ്ഭുതഹർഷങ്ങളോടെയാണു പറയുന്നത്:

'ഞാനതു കൊണ്ടൊന്നു
മല്ലെന്നെന്തൊരു
നാണം! കുപ്പിവളക്കാരി.'

ചെക്കനു മൂന്നുമാസമായി കൊടുക്കാനുള്ള 'പീസും' ഈ വിളവെടുപ്പിൽ കൊടുക്കണം. ഇങ്ങനെ:

'എല്ലാ വാഞ്ഛയുമെല്ലാർക്കും ഗൃഹ
വല്ലഭനന്നു കണക്കിട്ടു.'

മൂന്നും നാലും ഖണ്ഡങ്ങൾക്കു മറുപുറമാണ് അഞ്ചും ആറും ഖണ്ഡങ്ങളിൽ അവതരിപ്പിക്കുന്നത്. കോമന്റെ നൂറുമേനി സ്വപ്നങ്ങളെല്ലാം പതിരാവുന്ന കാഴ്ചയാണിവിടെ. കോമൻ വിളയിച്ച പൊന്നാര്യൻ കോമനും കൂട്ടർക്കും കൊയ്യാനാകാതെ അന്യമാകുന്നു. മഴകിട്ടാതെ നശിച്ചുപോയ മകരവിളയിൽ ജന്മിക്കു പാട്ടം നൽകാൻ കോമനു കഴിഞ്ഞില്ല. പാട്ടം കിട്ടാത്ത പകയിൽ ജന്മി കോടതിയിൽ കേസു നൽകി ആമീനെ കൊണ്ടുവന്ന് ചിങ്ങവിള കൊയ്യാൻ ഒരുങ്ങുകയാണ്. പുലർവേളയിൽ കൊയ്ത്തിനിറങ്ങിവന്ന കോമൻ തന്റെ പാടത്തു കണ്ടത് ജന്മിയുടെ കൂലിക്കാർ ആമീന്റെ മേൽനോട്ടത്തിൽ പൊന്നാര്യൻ കൊയ്യുന്നതാണ്. കാലപ്പിഴകളുടെ നടുവിൽ കോമൻ വളർത്തിയെടുത്ത നൂറുകൂട്ടം സ്വപ്നങ്ങളാണല്ലോ ജന്മി കൊയ്യുന്നത്.

കോടതിയുടെയും ജന്മിയുടെയും അധികാരം കോമന്റെ സ്വപ്നങ്ങൾ തകർക്കുമ്പോൾ കോമന്റെ കൂട്ടർക്കുപോലും അതുനോക്കി നിൽക്കാനാവുന്നില്ല. കോമന്റെ ഭാര്യ നീലിച്ചെറുമി നെഞ്ചത്തടിച്ചു നിലവിളിച്ചു വീണു. മപ്പും താക്കി തീപ്പുലിപോലെ ചാത്തപ്പൻ ചീറിവന്നു. 'കൊയ്യില്ലീവിള മററാരും' എന്ന താക്കീതുമായി ചെറുകോമൻ കണ്ടത്തിലിറങ്ങി. കലികൊണ്ട് ഉറഞ്ഞ കോമൻ പക്ഷേ, കുററിക്കിട്ട ഗജം പോലെ നിന്നു.

വിത്തു വിതച്ചവൻ കാണെ, ഇവിടെ കൊയ്ത്തു നടത്തിയത് ജന്മിത്തം. അധികാരം ഒരുപിടി ആൾക്കാർക്കു വേണ്ടിയുള്ളതു മാത്രം. നിയമവും അവർക്കുമാത്രം. പുന്നെല്ലു കൊയ്യാനാകാതെ അരിവാളും പുത്തരിവയ്ക്കാതെ കലവും വെറുതെ നിലത്തു കിടക്കുന്നു.

കൊയ്ത്തിനുതകാത്ത അരിവാൾ അധികാരത്തെ ഊട്ടിപ്പുതുക്കുന്നതിന് ഉപയുക്തമാകാൻ പാടില്ല. ആ തരിച്ചറിവ് കർഷകന് ഒരു വിപ്ലവമന്ത്രം പകരുന്നു.

'അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ'

കർഷകരുടെ കണ്ഠങ്ങളിലെങ്ങും ഉയർന്നുപൊങ്ങിയ ഈ വിപ്ലവമന്ത്രം പുതിയൊരു വ്യവസ്ഥയുടെ ലോകത്തെ കുറിക്കുന്നു.

'ഇതിനൊക്കെ പ്രതികാരം ചെയ്യാതടങ്ങുമോ
പതിതരേ നിങ്ങൾതൻപിൻമുറക്കാർ'

എന്നു സമാനസന്ദർഭത്തിൽ പാടിയ ചങ്ങമ്പുഴടെ നിസ്സഹായതാബോധമല്ല ഇടശ്ശേരിക്കുള്ളത്. വിപ്ലവം അടുത്ത തലമുറയുടെ വരവിനായി കാത്തുകിടക്കേണ്ടതല്ല. കോമൻ തന്നെ അതിനു വാളെടുക്കേണ്ടിയിരിക്കുന്നു. വിപ്ലവം ഇവിടെ പ്രതീക്ഷയല്ല; കർമമാണ്.

'കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ' (പണിമുടക്കം)

എന്ന മുന്നേററത്തിന്റെ ധീരമായ ആഹ്വാനമാണ് ഇടശ്ശേരിക്കു നൽകാനുള്ളത്. അധികാരത്തിന്റെ അനീതികൾ വേരോടെ കൊയ്തു മാറേണ്ടത് ചൂഷിതവർഗം തന്നെയാണ്. അപ്പോൾ മാത്രമേ വിതച്ചവനു കൊയ്യാനുള്ള സാഹചര്യം വന്നുചേരുകയുള്ളൂ. എല്ലാം അടുത്ത തലമുറയ്ക്കു നീക്കിവച്ച് നിസ്സഹായതയിൽ ചൂഴ്ന്നു കിടക്കുന്ന വർഗത്തിന് തിരിച്ചറിവും സ്വാതന്ത്ര്യവും ലഭിക്കുന്നില്ല.

**രൂപതലം**

'പുത്തൻകലവും അരിവാളും' എന്ന കവിതയെ ശ്രദ്ധേയമാക്കുന്നതിൽ ഭാഷയും ശൈലിയും വഹിക്കുന്ന പങ്ക് നിർണായകമാണ്. സംസ്കാരത്തിന്റെയും അതു നിലനിർത്തുന്ന ഭാഷയുടെയും അതിരുകൾ വികസിപ്പിക്കുന്നതിൽ കവിക്കുള്ള പങ്ക് ചെറുതല്ല. പ്രാദേശികമായ ജീവിതരീതികൾ,

സങ്കല്പങ്ങൾ, വിശ്വാസങ്ങൾ, മൂല്യങ്ങൾ, പുരാവൃത്തങ്ങൾ, ആഘോഷങ്ങൾ എന്നിവയിലെല്ലാം വ്യാപിച്ചുകിടക്കുന്ന സംസ്കാര വിശേഷത്തെ വാക്കുകളിൽ ഉണർത്തുന്നവനാണ് കവി. ഇവിടെ കവി സ്രഷ്ടാവാകുന്നു. ഈ സൃഷ്ടി കർമത്തിന് കവിക്ക് ഉപാധി ഭാഷയാണ്. കവിത അങ്ങനെ ഭാഷാവ്യാപാരമാവുകയും ചെയ്യുന്നു. ഭാഷയിലെ ക്രമീകരണങ്ങളും നിയന്ത്രണങ്ങളും വ്യവസ്ഥകളും കവിതയുടെ രൂപശിൽപ്പത്തെ നിർണയിക്കുകയും അതുവഴി ഭാവത്തെ മുന്നോട്ടുനിർത്തുകയും ചെയ്യുന്നു.

ഇടശ്ശേരിക്കവിതയുടെ സവിശേഷതകളെല്ലാം ഒന്നുചേർന്ന മാതൃകാരചന എന്ന നിലയിലാണ് 'പുത്തൻകലവും അരിവാളും' ഇവിടെ നിരീക്ഷിക്കുന്നത്. കേരളപ്രകൃതി, ജീവിതം, സംസ്കാരം, കവിയുടെ പുരോഗമനചിന്താഗതി, വള്ളുവനാടൻ ഭാഷാത്തനിമ, താളഘടന, ആഖ്യാനാത്മകത എന്നിവയിലെല്ലാമുള്ള 'ഇടശ്ശേരിത്തം' ഈ കവിതയിൽ കാണാം. ഗ്രാമീണ ജീവിതത്തിന്റെ പൊരുൾ കണ്ടെത്താൻ കവിതയിലൂടെ ശ്രമിക്കുന്ന ഇടശ്ശേരി ശിൽപ്പാംശത്തിലും ആ ഗ്രാമീണ ചാരുതകൾ സൂക്ഷിക്കുന്നു. കാർഷിക ജീവിതവുമായി ബന്ധപ്പെട്ട 'കഥ'യാണല്ലോ ഈ കവിതയിലുള്ളത്. പദങ്ങൾ, അലങ്കാരങ്ങൾ, ബിംബങ്ങൾ എന്നിവ പരിശോധിച്ചാൽ അവയെല്ലാം വള്ളുവനാടൻ കാർഷിക സംസ്കാരത്തിൽ നിന്നു സ്വീകരിച്ചവയാണെന്നു കാണാം.

പദങ്ങൾ ഒരു പ്രത്യേക ക്രമത്തിൽ ചേർന്നു രൂപമെടുക്കുന്ന ശിൽപ്പമാണു കാവ്യം. ഈ ക്രമീകരണത്തിൽ സാമാന്യഭാഷാവ്യതിയാനം വന്നുകൂടുന്നു. സാമാന്യഭാഷയെ വിശേഷവത്കരിച്ച് കാവ്യഭാഷ സൃഷ്ടിക്കുകയാണു കവി. കാലക്രമത്തിൽ കാവ്യഭാഷയ്ക്കും ഒരു മാനകസ്വഭാവം വന്നു ചേരാവുന്നതാണ്. ആ മാനകസ്വഭാവത്തെയും മാററിമറിച്ച് മറെറാരു ക്രമം ഉണ്ടാക്കുന്നിടത്താണ് ഭാഷാവിപ്ലവവും പുരോഗമനവും നടക്കുന്നത്. ഇടശ്ശേരി കാവ്യഭാഷയിൽ അത്തരത്തിൽ വിപ്ലവം വരുത്തിയ കവിയാണ്. തികച്ചും ഗ്രാമീണമായ, വള്ളുവനാടൻ ജീവിതസംസ്കാരത്തിലെ, ഭാഷാവഴക്കങ്ങളെ കാവ്യവത്കരിക്കുകയാണ് ഇടശ്ശേരി ചെയ്തത്.

നാട്ടുമ്പുറത്തെ കരുവാൻ പച്ചിരുമ്പ് ആലയിൽ പഴുപ്പിച്ചെടുത്ത് ആയുധമാക്കുന്നതുപോലെ ഇടശ്ശേരി നാട്ടുഭാഷ പതംവരുത്തി കവിതയാക്കുന്നു. പദങ്ങൾ എടുക്കുന്നതിലും തൊടുക്കുന്നതിലും വാക്യങ്ങൾ നീട്ടുന്നതിലും കുറുക്കുന്നതിലും അതു കവിതയായി കൊള്ളിക്കുന്നതിലും ഉള്ള 'കരുവാത്തം' ഇടശ്ശേരിക്കവിതയുടെ മൗലികതയാണ്. കാർഷിക സംസ്കാരവുമായി ബന്ധപ്പെട്ട പദങ്ങളുടെ ബാഹുല്യം 'പുത്തൻകലവും അരിവാളും' എന്ന കവിതയുടെ പ്രത്യേകതയാണ്. കൃഷിയും അധ്വാനവുമായി ചേർന്നു നിൽക്കുന്ന വിശേഷപദങ്ങളും അവയുടെ പ്രകരണാർഥവും ശ്രദ്ധിക്കുക. ഭാവസന്നിവേശത്തിൽ അനുക്രമവികാസം സാധിക്കുന്ന ഏഴു ഖണ്ഡങ്ങളായുള്ള ഘടന പ്രത്യേകം കൊടുക്കുന്നു.

1. **കർഷകന്റെ കഠിനാധ്വാനം**

കോമന്റെ അധ്വാനകാഠിന്യം വ്യക്തമാക്കുന്ന പദ കൽപ്പനകൾക്കാണ് ഇവിടെ പ്രാമുഖ്യം. തീമഴ, ചെങ്കനൽ, കൊടുംവെയിൽ, കരിതാഴ്ത്തിവലിക്കുന്ന എരുത്, വിയർപ്പ്, ഉഴുതുമറിച്ചു, വിതച്ചു എന്നീ പദങ്ങൾ.

2. **കർഷകന്റെ ദുരിതപ്പാടുകൾ**

പുല്ലേററം, പാടുപെടുക, പനി, കാലപ്പിഴ, കൂത്താട്ടം തുടങ്ങിയ പദപ്രയോഗങ്ങൾ കഷ്ടപ്പാടുകളെ സൂചിപ്പിക്കുന്നു. തീർന്നേപോയ്, കരഞ്ഞേപോയ് എന്നീ പദങ്ങളിലെ അന്ത്യമാത്രാദീർഘവും വാങ്ങീലാ, നീങ്ങിലാ, കൊടുത്തീലാ, നികത്തീലാ എന്നിവയിലെ നിഷേധാർഥവും കോമന്റെ കഷ്ടപ്പാടിന്റെ ആക്കം കാണിക്കുവാൻ പര്യാപ്തമാകുന്നു.

3. **കഷ്ടപ്പാടുകൾക്കും അപ്പുറത്തുള്ള പ്രതീക്ഷ**

പൊള്ളുന്ന വേനലും പൊറുതി കെടുത്തുന്ന പേമാരിയും ദുരിതം വിതയ്ക്കുന്നു. എന്നാൽ, കാലപ്പിഴകളുടെ കൂത്താട്ടത്തിനപ്പുറം കടന്ന് പ്രതീക്ഷകളുടെ പൊൻകതിർ വിളയിക്കുന്ന വിധത്തിൽ പാടം തെഴുത്തു. 'കണ്ണിനു കിക്കിളി കൊള്ളിക്കുന്ന കതിർക്കുല' കോമന്റെ സ്വപ്നത്തിന്റെയും പ്രതീക്ഷയുടെയും ബിംബമാണ്. കോമരം തുള്ളൽ, ചുണ്ടു ചുകന്ന കതിർ, കോരിത്തരിപ്പ്, പുണരുക തുടങ്ങിയ പദങ്ങൾ സഫലതയുടെ വെളിച്ചം വഹിക്കുന്നു.

4. **വിളവുസ്വപ്നങ്ങൾ**

കോമൻ തന്റെ അധ്വാനത്തിന്റെ വിളവുകാണുന്നത് പൊന്നാര്യനിലാണ്. പൊന്നാര്യൻ കൊയ്തു കിട്ടുന്ന പൊലിയിൽ ഒരുകൂട്ടം പ്രതീക്ഷകളാണ് പൂവണിയിച്ചെടുക്കാനുള്ളത്. സങ്കൽപ്പലോകത്തുനിന്നും കോമൻ അതെല്ലാം കാണുന്നു. ഇവിടെ കാൽപ്പനിക ചാരുത മുററിയ പദങ്ങളാണുള്ളത്. കൊഞ്ചിക്കുഴയൽ, പുതുകേണ്ടുന്ന പൊന്നോണം, പുത്തനുടുപ്പ്, പൂത്താലി, നാണം, പുത്തരിക്കുള്ള കലം, ഓണത്തുമ്പി, പൊൻവയൽ, പൂത്തിരി, ഓണനിലാവ്, പൊൻവിള എന്നീ പദകൽപ്പനകൾ

കോമന്റെ കുടിലിലെ സ്വപ്നങ്ങളെല്ലാം വിടർത്തിക്കാട്ടുന്നു.

**5. പതിരായ സ്വപ്നങ്ങൾ**

കാൽപ്പനിക ലോകത്തുനിന്നും യാഥാർഥ്യങ്ങളുടെ പരുഷതലങ്ങളിലേക്കു വരുമ്പോൾ ആ പാരുഷ്യം ഏററുവാങ്ങിയ പദങ്ങൾ തദ്ഭാവം വെളിവാക്കുന്നു. കോടതി, ആമീൻ, കൊടുങ്കാററ്, നശിച്ചേപോയ്, അധികാരം, പ്രതികാരം, പാട്ടബാക്കി, ജപ്തി, ധിക്കാരം എന്നിങ്ങനെയുള്ള പദങ്ങൾ കോമന്റെ വ്യർഥമായ സ്വപ്നങ്ങളും മുന്നിലെ ദുരന്തസാഹചര്യത്തെയും കുറിക്കുന്നു.

**6. പ്രതിഷേധവും സംഘർഷവും**

'ഉണ്ണാനുള്ളൊരുചോററിൽ പട്ടികൾ
നിന്നുചിലപ്പതു കണ്ടാലോ'

കോമന്റെ എന്നല്ല, ഒരു കർഷകന്റെയും ജീവരക്തം അതു പൊറുക്കുകയില്ല. കർഷകരുടെ പ്രതിഷേധവും സങ്കടങ്ങളും നിസ്സഹായതയും ഇവിടെ ആവിഷ്കരിക്കുന്നു. ഉൾപ്പക, പത്തിയെടുക്കുക, തൊഴിക്കുക, മപ്പുതാക്കുക, തീപ്പുലി, ചീററിയടുക്കുക, കലികൊള്ളുക, കുററിക്കിട്ടഗജം, തീക്കരു, വിദ്വേഷാഗ്നി, കൽപ്പന-സന്ദർഭയോഗ്യമായ ഈ പദകൽപ്പനകൾ രംഗസംഘർഷവും കർഷകമനസ്സിലെ സ്തോഭങ്ങളും ആവാഹിക്കുന്നു.

**7. ചൂഷണത്തിന്റെ തിരിച്ചറിയൽ**

ജന്മിത്തവും അതിനു കൂട്ടുനിൽക്കുന്ന അധികാരവ്യവസ്ഥയും അടിയാനെ ചൂഷണം ചെയ്യുന്നു. ഇതു തിരിച്ചറിഞ്ഞ്, പുതിയ വ്യവസ്ഥയ്ക്കായി പ്രതിജ്ഞയെടുക്കുന്ന കർഷകന്റെ ഉണർവിനെ തോററുകയാണ് അവസാനഖണ്ഡത്തിൽ. ജന്മിത്തം, കൊള്ളക്കാർ, അധികാരം, തണൽ, അരിവാൾകൾ, കൈയേററം, അക്രമം, പ്രത്യാഘാതം, ഇടിവെട്ടൽ തുടങ്ങിയ പദങ്ങൾ ഇവിടെ ശ്രദ്ധേയമാകുന്നു.

കാവ്യത്തിന് അതിന്റെ 'ഏകാന്തമയ കാവ്യസ്വഭാവം' നൽകുന്നത് പദങ്ങളുടെ പരസ്പര ബന്ധവും ഘടനയും ചേർന്നാണ്. ഈ കവിതയിൽ ഓരോ ഖണ്ഡത്തിലെയും ഭാവം നിർണയിക്കുന്നതിൽ അതാതിടങ്ങളിലെ പദയോഗങ്ങൾക്കുള്ള പങ്ക് വലുതാണ്. ഗ്രാമീണ ജീവിതം, കാർഷികസംസ്കാരം, നിസ്വവർഗദുരിതങ്ങൾ, വ്യർഥമാകുന്ന കിനാവുകൾ, നേർത്ത ആഹ്ലാദങ്ങളും കൊടിയ സങ്കടങ്ങളും- ഇതെല്ലാം ഇടശ്ശേരി പകർത്തുന്നത് പര്യാപ്തമായ പദസംയോഗത്തിലൂടെയാണ്.

**അലങ്കാരങ്ങൾ/ ബിംബകൽപ്പനകൾ**

അമൂർത്തതയെ മൂർത്തമാക്കാൻ അലങ്കാരങ്ങളുടെയും ബിംബകൽപ്പനകളുടെയും സഹായം തേടുന്നു, കവി. കവി ആവാഹിച്ചെടുക്കുന്ന വാങ്മയ ചിത്രങ്ങൾ ഭാവത്തെ പുരഃക്ഷേപണം ചെയ്യുന്നു. അലങ്കാരങ്ങൾ ഭാവപ്രകടനത്തിന് ചമത്കാരം ചമയ്ക്കുമ്പോൾ ബിംബങ്ങൾ അതിനും അപ്പുറം അനുഭവ തീവ്രത കൂടി പകരുന്നു. അനുഭവങ്ങളെ അതിന്റെ ആഴത്തിൽ ആവിഷ്കരിക്കാനാഗ്രഹിക്കുന്ന കവി ബിംബകൽപ്പനകളെ കൂടുതലായി ആശ്രയിക്കുകയും ചെയ്യുന്നു. ധ്വനിചിത്രങ്ങൾ രചിക്കാൻ ബിംബഭാഷയ്ക്കു കഴിവേറും. ഇന്ദ്രീയാതീതമായ ചില അമൂർത്തതകളെ ഇന്ദ്രിയക്ഷമമായ കൽപ്പനകൾ വഴി പ്രതീകങ്ങളാക്കുന്നത് കവിയുടെ അപൂർവവസ്തു നിർമാണ ക്ഷമതയെ വിളിച്ചറിയിക്കുന്നുണ്ട്. നിയോക്ലാസിക് അലങ്കാരങ്ങളുടെ നിർജീവതയിൽനിന്നും മാറിയകന്ന നൂതനാലങ്കാരങ്ങളും ബിംബാവലികളും ഇടശ്ശേരി കവിതയിൽ ഉപയോഗിക്കുന്നു. കോമന്റെ കഠിനാധ്വാനം വ്യഞ്ജിപ്പിക്കുന്ന ചില കൽപ്പനകൾ ശ്രദ്ധിക്കുക. 'മേലേ തീമഴ താഴെ ചെങ്കനൽ മീനക്കൊടും വെയിൽ കത്തുമ്പോൾ.'

മീനമാസത്തിലെ കൊടുംചൂട് സ്പർശ്യമാണല്ലോ. സൂര്യൻ തീമഴ ചൊരിയുന്നു. താഴെ ഭൂമിയിൽ ചെങ്കനലും മഴ കുളിർമയാണെങ്കിൽ സൂര്യൻ ചൊരിയുന്ന തീമഴ നേരെ വിരുദ്ധാനുഭവം നൽകുന്നു. മഴ പെയ്യും പോലെ വെയിലു പെയ്യുകയാണ്. തീമഴയും ചെങ്കനലും കൊടുംവേനലിന്റെ നെടുംചൂടിനെ 'പൊള്ളുന്ന അനുഭവ'മാക്കി മാററുന്നു. 'വെയിൽ കത്തുന്നു' എന്നു കൂടി പറയുമ്പോൾ ചൂടിന്റെ തീക്ഷ്ണത എത്രയോ വ്യക്തം.

വിത്തുമുളച്ചു നെൽച്ചെടിയായി വളർന്നു വരുമ്പോൾ അതിനെ പരിചരിക്കുന്നതിൽ കോമനുള്ള ശുഷ്കാന്തി കവി വ്യക്തമാക്കുന്നത് 'കോമരം തുള്ളി വരുമ്പോലെ' എന്ന സാദൃശ്യകൽപ്പനയിലൂടെയാണ്. വാച്യഭിന്നമായ വ്യംഗ്യചമത്കാരമാണ് ഇവിടെയുള്ളത് എന്നതിനാൽ ഇത് ബിംബമാകുന്നു. തന്റെ പാടത്തെ വരമ്പിലൂടെ ഓടിത്തുള്ളി നടന്ന് വിളവു പരിചരിക്കുന്നവനാണ് കോമൻ. പ്രതീക്ഷകളുടെയും സ്വപ്നങ്ങളുടെയും വാളും ചിലമ്പുമാണ് ആ കോമരത്തിനുള്ളത്.

ചുണ്ടുചുകന്ന കതിർ മററൊരു ബിംബമാണ്. കോമന്റെ പ്രതീക്ഷകളുടെ സാഫല്യമാണ് കതിർക്കുലകൾ. പാടത്തെ സമൃദ്ധി കോമന്റെ സ്വപ്നങ്ങളെയും സമൃദ്ധമാക്കുന്നു. കർക്കിടക ദുരിതങ്ങൾക്കുശേഷം വരുന്ന ഓണക്കാലം 'പൂതുകേണ്ടുന്ന പൊന്നോണ'മാണ്. സ്വപ്നങ്ങൾ വിടരുന്ന പൂക്കാലമാണ് കോമന് ഓണം. പുത്തനുടുപ്പും പൂത്താലിയും പുത്തൻകലവും ഓരോരുത്തരുടെ സ്വപ്നങ്ങളാകുന്നു.

'ഓണത്തുമ്പികണക്കക്കുടുംബ-
പ്രാണൻ പാറും പൊൻവയലിൽ
പൂത്തിരികത്തിച്ചപോലെ നൽവിള-
വൊത്തുകതിർക്കു കനം വീണു'

എന്നീ വരികളിലേക്കു വരുമ്പോൾ ബിംബകൽപ്പനകളുടെയും വിളവു കാലമാകുന്നു. കേരളീയമായ ആഹ്ലാദാന്തരീക്ഷത്തിന്റെ നിറവു പകരാൻ പര്യാപ്തമാണല്ലോ ഓണത്തുമ്പിയും പൊൻവയലും പുത്തരിയും കതിർക്കുലയും മററും. പാടത്തെ വിളവെടുപ്പിന്റെ ഉത്സവാഹ്ലാദം കോമന്റെ കുടിലിൽ വിചാരങ്ങളിൽ വന്നു നിറയുന്നു.

ആറാം ഖണ്ഡത്തിൽ കർഷകരുടെ പ്രതിഷേധവും ദുഃഖവും രോഷവും ആവിഷ്കരിക്കുന്ന സന്ദർഭത്തിലെ ചില കൽപ്പനകൾ ശ്രദ്ധേയമാണ്.

'പക പത്തിയെടുത്തിട്ടുത്തുതി'
'മപ്പും താക്കിത്തീപ്പുലിപോലെ'
'കുററിക്കിട്ട ഗജം പോലെ'
'വിദ്വേഷാഗ്നിയും വെണ്ണയും'

പക പത്തിയെടുക്കുന്നു എന്ന കൽപ്പന കർഷകന്റെ ഇച്ഛാഭംഗവും അതുണ്ടാക്കുന്ന ധാർമികരോഷവും വ്യക്തമാക്കുന്നു. കുററിക്കിട്ട ഗജം പോലുള്ള കോമന്റെ അവസ്ഥ അയാളുടെ നിസ്സഹായത വെളിവാക്കുന്നു. ജന്മിയോടുള്ള വിധേയത്വമാകുന്ന കുററിയിൽ തളഞ്ഞുകിടക്കുന്നവനാണ് കോമൻ. എന്നാൽ ചോര നീരാക്കി വിളയിച്ച നെല്ല് ജന്മി കൊയ്യുമ്പോൾ കോമനിൽ ഒരു മദയാന ഉണരുകയും ചെയ്യുന്നു. രോഷവും വിധേയത്വവും കോമനെ ധർമസങ്കടത്തിൽ തളച്ചിടുമ്പോഴത്തെ നിസ്സഹായത കുററിക്കിട്ട ഗജം എന്ന ബിംബം പ്രത്യക്ഷമാക്കുന്നു.

അധികാരത്തിന്റെ തണൽ ഏഴാംഖണ്ഡത്തിൽ കാണുന്ന ബിംബമാണ്. ഒന്നാം ഖണ്ഡത്തിലെ മീനക്കൊടുംവെലിയിലിനു നേർ വിപരീതമാണ് ഈ ബിംബം ഉൾക്കൊള്ളുന്നത്. അധികാരം എന്ന വലിയ വൃക്ഷവും അതിന്റെ തണലിൽ അധ്വാനം അറിയാതെ സുഖാലസ്യത്തിൽ കഴിയുന്ന ഒരു വർഗവും കവിതയിൽ കടന്നുവരുന്നു. ആ അധികാരവൃക്ഷം വെട്ടിമാററി, സുഖാലസ്യത്തിന്റെ തണൽ നശിപ്പിച്ച്, അവിടെയും കൊടുംവെയിൽ പരത്തി അധ്വാനത്തിന്റെ ഉണർവിനെ വാഴിക്കണമെന്ന് കവിതയിൽ വ്യക്തമാക്കിയിരിക്കുന്നു. ജീവിതം തന്നെ ഒരു സമരമായി കാണുന്ന ഇടശ്ശേരി കോമന്റെ ജീവിതസമരപക്ഷത്തു നിലയുറപ്പിക്കുകയാണ്.

പദസന്നിവേശത്തിലും ബിംബകൽപ്പനയിലുമുള്ള ഗ്രാമീണത്തനിമ ഇടശ്ശേരിക്കവിതയുടെ സത്താണ്. മാനവികതയിലുള്ള വിശ്വാസവും സ്നേഹവുമാണ് അധികാരം കൊയ്യണം എന്ന ആഹ്വാനത്തിലുള്ളത്. മനുഷ്യനെ മനസ്സിലാക്കാത്ത അധികാരവും നിയമവും നീതിയും മനുഷ്യന് ആവശ്യമില്ല. കവിത തികച്ചും മാനവികമായിരിക്കുക, അത് തന്റെ അനുഭവപരിസരവുമായി ഇഴുകിച്ചേർന്നതാവുക, സാംസ്കാരികമായി മനസ്സിനെ പരിവർത്തിപ്പിക്കാൻ പര്യാപ്തമാവുക ഇതെല്ലാം ഇടശ്ശേരിക്കു കാവ്യാദർശങ്ങളാണ്.

കവിതയുടെ കാലഘടനയിൽ കടന്നുവരുന്ന കേരളത്തിന്റെ കാലാവസ്ഥഭേദങ്ങളും ഇവിടെ ശ്രദ്ധിക്കേണ്ടതുണ്ട്. മേലേ തീമഴയും താഴെ ചെങ്കനലും ആയുള്ള മീനമാസം, വിഷുക്കൊന്നയിൽ പൂക്കണിവയ്ക്കുന്ന മേടം, കുളിരുകോരുന്ന ഇടവപ്പാതി, കരിമഴപെയ്യുന്ന കർക്കിടകം, പുത്തരിയുടെ ചിങ്ങം എന്നിങ്ങനെ കാലഭേദങ്ങൾ കർഷക ജീവിതത്തിൽ പൊറുതികേടും ദുരിതവും സന്തോഷവും സ്വപ്നങ്ങളും നിറയ്ക്കുന്നതിന്റെ കേരളീയാനുഭവം ഈ കവിതയിലുണ്ട്.

ഉൾനാടൻ തുടിപ്പുകൾ ഇടശ്ശേരിക്കവിതയിലെങ്ങും തന്നെ ജീവസ്പന്ദമാകുന്നുണ്ട്. തനിക്കു പരിചിതമായ മണ്ണും മനുഷ്യനും അനുഭവവും ആണ് ഇടശ്ശേരി കാവ്യവിഷയമാക്കുക. മിക്ക കവിതകളുടെയും രചനാപ്രേരണ കുറിച്ചുവയ്ക്കുന്നതിൽ ഇടശ്ശേരി ശ്രദ്ധിച്ചിരുന്നു. കാലഘട്ടവുമായി പ്രതികരിക്കുന്ന പ്രതിഭയാണ് തനിക്കുള്ളതെന്ന് ഇതിലൂടെ ഇടശ്ശേരി സൂചിപ്പിക്കുന്നു. ക്ഷേത്രത്തിലെ മൃഗബലിപോലെ ക്രൂരമായ വിളജപ്തി ഇടശ്ശേരിക്ക് നേരിട്ടറിയാവുന്നതാണ്. ആ പരിചയത്തിൽ നിന്നാണ് ജന്മിയും കർഷകനും നിയമവും കഥാപാത്രങ്ങളാവുന്ന 'പുത്തൻകലവും അരിവാളും' ഉണ്ടായിട്ടുള്ളത്.